"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് - "തിരുവനന്തപുരം യാത്രി നിവാസിന്റെ ഫസ്റ്റ് & ഗ്രൗണ്ട് ഫ്ലോർ നവീകരണം"- എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ.(സാധാ) നം.360/2025/TSM തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. 30.05.2019 തീയതിയിലെ സ.ഉ (കൈ) നം: 03/2019/ടൂറിസം നമ്പർ ഉത്തരവ്.
2. 30.12.2022 ലെ സ. ഉ.(സാധാ) നം. 499/2022/TSM
3. 29-05-2025- തീയതിയിലെ വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ DOT/302/2025-HB3 നമ്പർ കത്ത്.
4. 31-05-2025 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

വിശിഷ്ട അതിവിശിഷ്ട അതിഥികൾ സ്ഥിരമായി എത്തുന്ന തിരുവനന്തപുരം യാത്രി നിവാസിന്റെ ഫസ്റ്റ് & ഗ്രൗണ്ട് ഫ്ലോർ നവീകരണം, അറ്റകുറ്റ പണികൾ,-ജനറൽ സിവിൽ പ്രവൃത്തി" എന്ന പദ്ധതിക്കായി പരാമർശം (2) പ്രകാരം 1,14,20,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ബാക്കിയുള്ള നവീകരണ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കിയ 2,95,00,000/- (രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ മാത്രം ) രൂപയുടെ പ്രൊപ്പോസൽ പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2) 31-05-2025- ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും പദ്ധതി പ്രൊപ്പോസലിന് നിബന്ധനയോടെ അംഗീകാരം നൽകുകയും ചെയ്തു.

3) പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു

| SI No | Head Description | Amount |
|---|---|---|
| 1 | Appendix A - First Floor - Room Maintenance | 42,69,408.61 |
| 2 | Appendix B -Ground Floor Maintenance and Exterior Works | 65,73,921.31 |

| | | | |
|---|---|---|---|
| 3 | Appendix C - Lift well - Civil Works | | 14,47,578.52 |
| 4 | Appendix D- Sump maintenance | | 5,32,935.10 |
| 5 | Appendix E- Furniture Repair and Polishing | | 6,46,737.97 |
| | **Total Estimation PAC** | | **13470581.51** |
| **SI No** | **Description** | **Percentage/LS** | **Amount** |
| **L** | **Lump sum Heading** | | |
| L.001 | LS Amount for Electronics works | | |
| | | @LS | 4000000 |
| L.002 | LS Amount for Electrification | | |
| | | @LS | 9,60,0000 |
| | **Total Lumsum Amount** | | 13600000 |
| **C** | **Extra Charges** | | |
| C.001 | Provision for GST | | |
| | 13470581.51 | 18.00% | 2424704.67 |
| | | **Grand Total** | 2,94,95286.18 |
| | | **Round off** | 4713.82 |
| | | **Rounded Total (Rs)** | **2,95,00000** |
| | **Rupees Two Crore Ninety Five Lakh** | | |

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "തിരുവനന്തപുരം യാത്രി നിവാസിന്റെ ഫസ്റ്റ് & ഗ്രൗണ്ട് ഫ്ലോർ നവീകരണം" - എന്ന പദ്ധതിയ്ക്കായി 2,95,00,000/- (രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ മാത്രം ) രൂപയുടെ ഭരണാനുമതി 5452-01-101-86- അപ്ഗ്രഡേഷൻ, ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് ഗസ്റ്റ് ഹൗസ് " (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന്, യാത്രി നിവാസുകൾ ശരിയായ രീതിയിൽ ബ്രാൻഡ് ചെയ്യണം എന്ന നിബന്ധനയോടു കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5)പ്രസ്തുത പദ്ധതി വിനോദസഞ്ചാര വകുപ്പ് മുഖേന പൂർത്തിയാക്കേണ്ടതാണ്. പദ്ധതിയുടെ നടത്തിപ്പിനായി പരാമർശിത സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും പദ്ധതിച്ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്,
പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (I & II), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
വിനോദസഞ്ചാര (എ) വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(ടൂർ-സി1/232/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 25-06-2025 11:30:57

സെക്ഷൻ ഓഫീസർ

പകർപ്പ് : വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.